| Publication : Deshabhimani | Edition : Kochi |
|---|---|
| Date : July | Page: 6 |


# കീസ് ഹോട്ടൽസ് കേരളത്തിൽ സാന്നിധ്യം ശക്തമാക്കും

**കൊച്ചി** > ഇടത്തരം ഹോട്ടൽ വിഭാഗത്തിൽ രാജ്യത്തെ പ്രമുഖ ബ്രാൻഡായ കീസ് ഹോട്ടൽസ് ആൻഡ് റിസോർട്സ് കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു. കേരളത്തിലെ രണ്ടാമത്തെയും രാജ്യത്തെ പതിനാറാമത്തെയും കീസ് ഹോട്ടലാണിത്. തിരുവനന്തപുരത്താണ് ആദ്യ കീസ് ഹോട്ടൽ പ്രവർത്തിക്കുന്നത്.

ന്യൂയോർക്ക് കേന്ദ്രമാക്കിയുള്ളബെർഗുരേൻ ഹോൾഡിങ്സിന്റെ സഹായത്തോടെ 2006ൽ സ്ഥാപിച്ച ബെർഗുരേൻ ഹോട്ടൽസ് ആണ് കീസ് ഹോട്ടൽസ് ബ്രാൻഡിൽ ഇന്ത്യയിൽ ഇടത്തരം ഹോട്ടൽശൃംഖല സ്ഥാപിച്ചുവരുന്നത്.

എയർപോർട്ട്, എംജി റോഡ്, ഫോർട്ട്കൊച്ചി, എൻഎച്ച് ബൈപാസ്, ഇൻഫോപാർക്ക് എന്നിവിടങ്ങളിൽനിന്ന് എളുപ്പത്തിൽ എത്തിച്ചേരാവുന്ന കീസ് കൊച്ചി ഹോട്ടൽ കുണ്ടന്നൂരിനടുത്ത് കായലിന് അഭിമുഖമായിട്ടാണ് സ്ഥാപിച്ചിരിക്കുന്നത്. കോൺഫറൻസിന് സൗകര്യങ്ങളുള്ള ഹോട്ടലിൽ 151 മുറികളാണുള്ളത്. മൂന്നു സ്വീറ്റുകളുമുണ്ട്. കേരളത്തിന്റെ ബാക്ക്‌വാട്ടർ സൗന്ദര്യം ആസ്വദിക്കാവുന്ന വിധത്തിലാണ് ഹോട്ടലിലെ പല മുറികളും രൂപകൽപ്പന ചെയ്തിട്ടുള്ളത്.

തനിച്ചു യാത്രചെയ്യുന്ന വനിതാ യാത്രക്കാർക്കുവേണ്ടി പ്രത്യേകം രൂപകൽപ്പനചെയ്ത 10 മുറികളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ഹോട്ടലിന്റെ ഒരുനില മാറ്റിവച്ചിരിക്കുകയാണെന്ന് ബെർഗുരേൻ ഹോട്ടൽസ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ അൻഷു സരീൻ പറഞ്ഞു. ഒറ്റയ്ക്കു യാത്രചെയ്യേണ്ടിവരുന്ന സ്ത്രീകളുടെ യാത്രയ്ക്കും താമസത്തിനും ആവശ്യമായ എല്ലാ സുരക്ഷിതത്വ സംവിധാനങ്ങളും ഇവിടെയുണ്ട്. ഭിന്നശേഷിയുള്ള ആളുകൾക്ക് യോജിച്ചവിധത്തിലുള്ള മുറികളും കീസ് കൊച്ചിയിൽ പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുണ്ട്.

ആഭ്യന്തര, രാജ്യാന്തര വിനോദസഞ്ചാരികൾക്കിടയിൽ കേരളത്തിനു കൂടിവരുന്ന സ്വീകാര്യതയാണ് ഇവിടെ ഹോട്ടലുകൾ തുറക്കാൻ പ്രേരണയാകുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ബെർഗുരേൻ ഹോട്ടൽസ് ഇതുവരെ 16 കീസ് ഹോട്ടലുകൾ ഇന്ത്യയിൽ തുറന്നിട്ടുണ്ട്. ഇതിൽ ആറെണ്ണം സ്വന്തവും ആറെണ്ണത്തിൽ മാനേജ്മെന്റ് നിയന്ത്രണവും നാലെണ്ണം ഫ്രാഞ്ചൈസ് കോൺട്രാക്ട് അടിസ്ഥാനത്തിലുമുള്ളതാണ്. ഇത്തരത്തിൽ 19 ഹോട്ടലുകൾകൂടി തുറക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിലും ഇത്തരത്തിലുള്ള കൂട്ടുകെട്ടാണ് കമ്പനി ഉദ്ദേശിക്കുന്നത്.

കീസ് ഹോട്ടൽസിന് ഇപ്പോൾ ഇന്ത്യയിൽ 1500 മുറികളാണുള്ളത്. ഔറംഗബാദ്, ബംഗളൂരു, ചെന്നൈ, ഗോവ, ജയ്പുർ, ലുധിയാന, മഹാബാലേശ്വർ, മുംബൈ, പുനെ, സിൽവാസ, ശ്രിദ്ധി, തിരുപ്പതി, തിരുവനന്തപുരം, കൊച്ചി എന്നിവടങ്ങളിലാണ് ഹോട്ടലുകളുള്ളത്.